ഉത്തരം

(എ) രണ്ട് പി.എച്ച്.സെന്ററുകളിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്.

(ബി) ഒരു വർഷത്തേയ്ക്കാണ് കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നടത്തുന്നത്. പ്രതിമാസം 7500 രൂപ മൊത്തവേതനമായി നൽകി വരുന്നു.

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുമ്പോൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചവരെ പിരിച്ചു വിടാറുണ്ട്. 45 പി.എച്ച്.സെന്ററുകളിൽ പുതിയതായി നിയമനം നടത്തിയിട്ടുണ്ട്. ഇതുവരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലിചെയ്തിരുന്ന 45 പേരെ പിരിച്ചുവിട്ടിട്ടുണ്ട്.

(ഡി) തൃശ്ശൂർ ജില്ലയിലെ 7 പി.എച്ച്. സെന്ററുകളിൽ ഇപ്പോൾ ഡോക്ടർമാർ ഇല്ല.

കണ്ടല്ലൂർ പി.എച്ച്.സെന്റർ

30(1840) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ടല്ലൂർ പി.എച്ച്. സെന്ററിനോട് ചേർന്ന് നിർമ്മിച്ച 36 കിടക്കകളുള്ള ആശുപത്രിയിൽ നിയമിതരായ ഡോക്ടർമാർ രാത്രികാലങ്ങളിൽ ഡ്യൂട്ടി ചെയ്യുവാൻ തയ്യാറാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതേപ്പറ്റി അന്വേഷിക്കുമോ ;

(ബി) തദ്ദേശവാസികളുടെ ആവശ്യം പരിഗണിച്ച് ഈ ആശുപത്രിയിൽ ഡോക്ടർമാർ രാത്രികാലങ്ങളിൽ ജോലിചെയ്യുന്നതിന് കർശന നിർദ്ദേശങ്ങൾ നൽകുമോ ;

(സി) ആവശ്യമെന്ന് കണ്ടാൽ കൂടുതൽ ഡോക്ടർമാരേയും മറ്റ് ജീവനക്കാരേയും ഈ ആശുപത്രിയിൽ നിയമിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഡോക്ടർമാർക്ക് താമസസൗകര്യത്തിനായി ക്വാർട്ടേഴ്സ് ഇല്ലാത്തതിനാൽ രാത്രികാലങ്ങളിൽ ഡോക്ടർമാർ കാൾഡ്യൂട്ടി എടുക്കുവാനുള്ള നിർദ്ദേശം ജില്ലാ മെഡിക്കലാഫീസർക്ക് നല്കിയിട്ടുണ്ട്.

(സി) തൽക്കാലം കൂടുതൽ ഡോക്ടർമാരേയും മറ്റ് ജീവനക്കാരേയും നിയമിക്കുവാൻ നിർവാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly